***'CORRUPTION, A CRIME AGAINST NATION'***


വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇ-മെയിൽ: vig.vacb@kerala.gov.in
ഫോൺ: 0471-2305393


തീയതി:31.08.2018

# പുതിയ ചുവട് വെപ്പുമായി വിജിലൻസ്, സൈബർ ഫോറൻസിക് ലാബിന്റെ ഉദ്ഘാടനം നിർവഹിച്ചു.

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായും ആധുനിക കാലത്ത് ഡിജിറ്റൽ തെളിവുകൾ ശേഖരിക്കുന്നതിലേക്കും മറ്റുമായി സൈബർ സെൽ & സൈബർ ഫോറൻസിക് ലാബ് ഇന്ന്(31.08.2018) മുതൽ വിജിലൻസ് ആസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചു. വിജിലൻസ് ഡയറക്ടർ ബി.എസ്.മുഹമ്മദ് യാസിൻ IPS വിജിലൻസ് ഡയറക്ടറേറ്റിൽ പ്രവർത്തനം ആരംഭിച്ച ആദ്യത്തെ സൈബർ സെൽ & സൈബർ ഫോറൻസിക് ലാബിന്റെ ഉദ്ഘാടനം നിർവഹിച്ചു. സി-ഡാക്കിന്റെ സഹകരണത്തോട് കൂടിയാണ് വിജിലൻസിൽ സൈബർ സെൽ പ്രവർത്തനം ആരംഭിക്കുന്നത്. ഡിജിറ്റൽ തെളിവുകൾ ശേഖരിക്കുന്നതിന് വേണ്ട ഫോറൻസിക് ഉപകരണങ്ങളും സോഫ്റ്റ് വയറുകളും മറ്റും സി-ഡാക് വിജിലൻസിന് ലഭ്യമാക്കിയിട്ടുണ്ട്. സൈബർ ഫോറൻസിക് വിഭാഗത്തിൽ പ്രത്യേക പരിശീലനം നേടി പ്രാവിണ്യം തെളിയിച്ച വിജിലൻസ് ഹെഡ് ക്വാർട്ടേഴ്സ് DySP ഇ.എസ്.ബിജുമോനാണ് സൈബർ സെല്ലിന്റെ മേൽനോട്ട ചുമതല വഹിക്കുന്നത്. സൈബർ ലാബിന്റെ പ്രവർത്തനം ആരംഭിക്കുന്നതോട് കൂടി വിജിലൻസ് കേസുകളിൽ ഡിജിറ്റൽ തെളിവ് ശേഖരത്തിലേക്ക് നാളിതുവരെ മറ്റ് ഏജൻസികളെ ആശ്രയിച്ചിരുന്ന വിജിലൻസിന് അനാവശ്യ

കാലതാമസം ഒഴിവാക്കി വേഗത്തിൽ അന്വേഷണം പൂർത്തീകരിച്ച് കുറ്റപത്രം സമർപ്പിക്കുവാനും സാധിക്കും. ഇത് വരെ വിജിലൻസ് കേസുമായി ബന്ധപ്പെട്ട് പിടിച്ചെടുക്കപ്പെടുന്ന കമ്പ്യൂട്ടർ, മൊബൈൽ ഫോൺ മറ്റ് ഇലക്ട്രോണിക് ഡിവൈസുകൾ മുതലായവ പരിശോധിക്കുവാനായി ബ്യൂറോക്ക് പുറത്തുള്ള സൈബർ വിദഗ്ധരെയും ഏജൻസികളെയും ആശ്രയിക്കുകയായിരുന്നു പതിവ്. വിജിലൻസിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ വിദഗ്ധരായ ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകിയാണ് ഇപ്പോൾ സൈബർ സെൽ & സൈബർ ഫോറൻസിക് ലാബിൽ നിയമിച്ചിരിക്കുന്നത്. ഉടൻ തന്നെ എറണാകുളം ,കോഴിക്കോട് എന്നിവിടങ്ങളിലും സൈബർ സെല്ലിന്റെ പ്രവർത്തനം ആരംഭിക്കുമെന്ന് വിജിലൻസ് ഡയറക്ടർ ബി.എസ്.മുഹമ്മദ് യാസിൻ IPS അറിയിച്ചു. വിജിലൻസ് ഇൻസ്പെക്ടർ ജനറൽ എച്ച് .വെങ്കടേഷ് IPS, വിജിലൻസ് അഡിഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ കെ.ഡി.ബാബു, ഇന്റലിജൻസ് എസ്.പി. സുനിൽ ബാബു IPS ,DySP ഇ.എസ്.ബിജുമോൻ,സി-ഡാക് സീനിയർ ഡയറക്ടർ അനന്തലക്ഷ്മി അമ്മാൾ, സി-ഡാക് പ്രിൻസിപ്പൽ എഞ്ചിനീയർ നബീൽ കോയ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.